"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം - അധികഫണ്ട് അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.212/2026/LSGD തീയതി,തിരുവനന്തപുരം, 27-01-2026

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയ സെക്രട്ടറിയുടെ 28.07.2025, 25.11.2025 തീയതികളിലെ എ1/386/2025/ഒബിഡിഎൻ നമ്പർ കത്തുകൾ.
2. 17.01.2026-ലെ സ ഉ (സാധാ) 483/2026/ധന.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബഹു.ഓംബുഡ്സ്മാൻ കാര്യാലയത്തിലെ ഔദ്യോഗിക വാഹനത്തിന്റെ (കെ.എൽ 01 സിപി 3608 ഇന്നോവ (ക്രിസ്റ്റ) അറ്റകുറ്റപ്പണികളും, പീരിയോഡിക്കൽ സർവീസും നിർവഹിക്കുന്നതിനായി 2515-00-101-64-21-2-Repairs & Maintenance' എന്ന ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം ആകെ 35,000/- രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും, ആയതിൽ 34,793/- രൂപ ചെലവഴിച്ചിട്ടുണ്ടെന്നും, നിലവിൽ ടി ശീർഷകത്തിൽ ആകെ 207/- രൂപ മാത്രമാണ് അവശേഷിക്കുന്നതെന്നും, ഈ സാഹചര്യത്തിൽ, നടപ്പ് സാമ്പത്തികവർഷത്തെ പ്രതീക്ഷിത ചെലവുകൾക്കായി 40,000/- രൂപ മേൽ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്നും ഓംബുഡ്സ്മാൻ കാര്യാലയ സെക്രട്ടറി പരാമർശം (1) മുഖേന സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം 40,000/-രൂപ പ്രസ്തുത ശീർഷകത്തിൽ അധിക ധനാനുമതിയായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(3) മേൽ സാഹചര്യത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു.ഓംബുഡ്സ്മാന്റെ ഔദ്യോഗിക വാഹനത്തിന്റെ നടപ്പ് സാമ്പത്തികവർഷത്തെ അവശേഷിക്കുന്ന കാലയളവിൽ ചെയ്യേണ്ടുന്ന Periodical service-നും അറ്റകുറ്റപ്പണികൾക്കും മറ്റുമായി നടപ്പ് സാമ്പത്തിക വർഷത്തെ '2515-00-101-64-21-2-Repairs & Maintenance' എന്ന ശീർഷകത്തിൽ 40,000/- രൂപ (നാൽപതിനായിരം രൂപ മാത്രം) അധികമായി അനുവദിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.ഇ./എസ്.എസ്.എ /ഇ & ആർ.എസ്.എ), കേരളം,

തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ധന വകുപ്പ് (WCD-3/233/2025-FIN പ്രകാരം)

വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (1A4/114/2025 LSGD).

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 27-01-2026 15:36:15

സെക്ഷൻ ഓഫീസർ